# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2144

18-12-2012-ൽ മറുപടിക്ക്

കറന്റ് ചാർജ് കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) | |
| (എ) | 2011-12 വർഷം കറണ്ട് ചാർജ് കുടിശ്ശിക ഇനത്തിൽ വൈദ്യതിബോർഡ് എത്രതുക പിരിച്ചെടുത്തിരുന്നു ; | (എ) | എൽ.റ്റി വിഭാഗത്തിൽ നിന്നും 428.33 കോടി രൂപയും എച്ച്.റ്റി ഇ.എച്ച്.റ്റി വിഭാഗത്തിൽ നിന്നും 275.10 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ബോർഡ് സ്വീക രിച്ചുവരുന്ന നടപടികൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം ചെയ്യു മെന്ന് വിശദമാക്കുമോ ? | (ബി) | വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, അഴിച്ചു മാറ്റൽ, റവന്യൂ റിക്കവറി എന്നീ നടപടികൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 2012 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. 31.12.2012നോ അതിനു മുമ്പോ തുറന്ന് പ്രവർത്തിക്കുന്ന ലോ ടെൻഷൻ/ഹൈ ടെൻഷൻ വിഭാഗങ്ങളിൽപ്പെടുന്ന തോട്ടങ്ങളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും പൂട്ടിക്കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ് / ഡിമാന്റ് ചാർജ്ജ് ഒഴിവാക്കുന്നതിനും ബോർഡ് ഉത്തരവായിട്ടുണ്ട്. കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളെ നേരിൽ ബന്ധപ്പെട്ട് ബോർഡിൽ നിലവിലുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ അവരെ ബോദ്ധ്യപ്പെടുത്തി പരമാവധി കുടിശ്ശിക ടി ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ